# പതിനാലാം കേരള നിയമസഭ
# (രണ്ടാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:4979 27/10/2016-ൽ മറുപടിയ്ക്ക്**

## മത്സ്യമേഖലയിലെ വിവിധ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ. പ്രദീപ്കുമാർ<br>ശ്രീ.എസ്.ശർമ്മ<br>ശ്രീ.സി.കെ. ഹരീന്ദ്രൻ<br>ശ്രീ.ബി.ഡി. ദേവസ്സി | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |

എ) സംസ്ഥാനത്തെ മത്സ്യ മേഖലയുടെ വികസനത്തിനായി ''മോഡൽ ഫിഷ് ഫാം'', പുല്ലുവിള മാതൃകയിൽ ''മത്സ്യഗ്രാമം'', തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മത്സ്യവിപണനശാല തുടങ്ങുന്നതിന് ധനസഹായം തുടങ്ങിയ മുൻ സർക്കാരിന്റെ പ്രഖ്യാപനങ്ങൾ പ്രാവർത്തികമായിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

എ) മോഡൽ ഫിഷ് ഫാമിന് 2013-14 ലെ ബഡ്ജറ്റിൽ 50 ലക്ഷം രൂപ വകയിരുത്തിയിരുന്നു. 2015-16 ൽ final SDG മുഖേന ടി പദ്ധതിയ്ക്കായി 25 ലക്ഷം രൂപ അനുവദിച്ചു നൽകി. ടി തുക 14 ജില്ലാ മത്സ്യ കർഷക വികസന ഏജൻസികൾക്ക് 25 യൂണിറ്റ് മോഡൽ ഫിഷ് ഫാമുകൾ നടപ്പിലാക്കുന്നതിനു വേണ്ടി അനുവദിച്ചു നൽകിയിട്ടുണ്ട്.

പുല്ലുവിള മാതൃക മത്സ്യഗ്രാമം പദ്ധതിയ്ക്ക് 2014-15 ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നില്ല. ആയതിനാൽ ടി പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടില്ല

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മത്സ്യ വിപണനശാല തുടങ്ങുന്നതിന് ധനസഹായം നൽകുന്നതിന് 2014-15 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ 30 കോടി രൂപ പ്രഖ്യാപിച്ചിരുന്നു. ബഡ്ജറ്റിൽ 30 കോടി രൂപ വകകൊളളിച്ചിരുന്നില്ല.

ബി) ഈ പദ്ധതികൾക്കായി ബഡ്ജറ്റിൽ തുക കൊള്ളിച്ചിരുന്നോ; എങ്കിൽ അതിൽ ഓരോ പദ്ധതിയ്ക്കും എത്ര തുക വീതമായിരുന്നുവെന്ന് വെളിപ്പെടുത്തുമോ;

ബി)

| പദ്ധതി | ബഡ്ജറ്റിൽ വകയിരുത്തിയ തുക |
|---|---|
| മോഡൽ ഫിഷ് ഫാം | 50 ലക്ഷം |
| പുല്ലുവിള മാതൃക മത്സ്യഗ്രാമം | തുക വകയിരുത്തിയിരുന്നില്ല |
| തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് മത്സ്യ വിപണനശാല തുടങ്ങുന്നതിന് ധനസഹായം | തുക വകയിരുത്തിയിരുന്നില്ല |

| | | |
|---|---|---|
| സി) | മത്സ്യ മേഖലയിൽ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ? | സി) മത്സ്യ മേഖലയുടെ സമഗ്ര വികസനവും, തീര സംരക്ഷണവും ലക്ഷ്യമിട്ട് അടുത്ത അഞ്ച് വർഷം കൊ ണ്ട് 16,000 കോടി രൂപയുടെ വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. തീരദേശത്തെ പശ്ചാത്തല വികസനത്തിനു പുറമെ തീരദേശ ജനതയുടെ സാമൂഹ്യ സുരക്ഷ, സാമ്പത്തിക സുരക്ഷ, ജീവനോപാധി സുരക്ഷ, വിഭവ സുരക്ഷ, പരിസ്ഥിതി സുരക്ഷ എന്നിവ ഉൾപ്പെടുത്തുന്നതിനുള്ള സമീപനമാണ് ഇതു വഴി ഉദ്ദേശിക്കുന്നത്. പൊതുജന പങ്കാളിത്തം ഉറപ്പാക്കി പദ്ധതികൾ നടപ്പാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. മത്സ്യ മേഖലയിൽ മുൻഗണന നൽകി നടപ്പാക്കേണ്ട പദ്ധതികളെയും, തീരസംരക്ഷണത്തെയും കുറിച്ച് ചർച്ച ചെയ്യുന്നതിനായി കൊല്ലത്തും തിരുവനന്തപുരത്തുമായി യഥാക്രമം മത്സ്യകൃഷിയിലും തീരസംരക്ഷണത്തിലും ഓരോ സെമിനാറുകൾ സംഘടിപ്പിക്കപ്പെട്ടിട്ടു ണ്ട്. ഈ സെമിനാറിൽ ഉയർന്ന് വന്ന നിർദ്ദേശങ്ങൾ കൂടി പദ്ധതി രൂപീകരണത്തിന് പ്രയോജനപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നു. മത്സ്യ മേഖലയിൽ നടപ്പാക്കുന്ന പദ്ധതികൾ ജനകീയ പങ്കാളിത്തം ഉറപ്പാക്കി മിഷൻ മാതൃകയിൽ നടപ്പാക്കുന്നതിനെക്കുറിച്ചുള്ള സാധ്യതകളും പരിശോധിച്ചു വരുന്നു. |

**സെക്ഷൻ ആഫീസർ**